(ബി) ഇവരിൽ മരിച്ച സ്ത്രീകളെത്ര ; പുരുഷൻമാരെത്ര ;

(സി) 'മ' പ്രസിദ്ധീകരണങ്ങളും പൈങ്കിളി കഥകളും വായിച്ച് ആത്മഹത്യ ചെയ്തവരെത്രയെന്ന് വ്യക്തമാക്കാമോ ; ഇത്തരം പ്രസിദ്ധീകരണങ്ങൾക്കെതിരെ എന്ത് നടപടി എടുക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആത്മഹത്യകളും കൊലപാതകങ്ങളും നടന്നിട്ടുള്ള ജില്ല ഏതാണ് ?

ഉത്തരം

(എ,ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ആത്മഹത്യ ചെയ്തവരാരും ഏതെങ്കിലും പ്രസിദ്ധീകരണങ്ങളോ കഥകളോ വായിച്ചതിന്റെ ഫലമായിട്ടാണ് ജീവിതം അവസാനിപ്പിച്ചതെന്ന് ഇതുവരെ വെളിപ്പെട്ടിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ബന്തിനോടനുബന്ധിച്ച് കസ്റ്റഡിയിൽ എടുക്കപ്പെട്ടവർ

159. [222] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 26-2-1986-ൽ ബന്ത് ദിവസവും അതിന്റെ തലേദിവസവും ആയി കരുതൽ നടപടിയായി എത്രപേരെ പോലീസ് കസ്റ്റഡിയിലെടുത്തു.

(ബി) ബന്തുദിവസം എത്രപേരെ പോലീസ് നീക്കം ചെയ്തു ;

(സി) ബന്തിനോടനുബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ;

(ഡി) ഇതിൽ എത്ര പ്രതികളുണ്ട് ;

(ഇ) ഇവരുടെ പേരിലുള്ള കേസ്സുകൾ പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ) 1938 പേരെ

(ബി) വിവിധ സ്ഥലങ്ങളിൽ പബ്ലിക് ഓഫീസുകളും ട്രെയിനും പിക്കറ്റ് ചെയ്തവരെ നീക്കം ചെയ്യുകയുണ്ടായി. കൃത്യമായി എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) 31.

(ഡി) 192.

(ഇ) കേസ്സിന്റെ സ്വഭാവത്തെ ആശ്രയിച്ചാണ് തീരുമാനങ്ങൾ എടുക്കുന്നത്.

കുന്നത്തുകാൽ പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസറുടെ പേരിലുള്ള കേസ്

160. [223] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1981-ൽ കുന്നത്തുകാൽ പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസറുടെ പേരിൽ ക്രൈം 1/82 നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തുവോ ;

(ബി) പ്രസ്തുത കേസ് ചാർജ്ജ് ചെയ്തോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) കേസ് ചാർജ് ചെയ്തിട്ടില്ല എങ്കിൽ അടിയന്തിരമായി കേസ് ചാർജ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചാർജ് ചെയ്തിട്ടില്ല.

(സി,ഡി) കേസ് ചാർജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ആരാധനാലയങ്ങളിലെ മോഷണം

161. [225] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1986 ഫെബ്രുവരി 28 വരെ സംസ്ഥാനത്ത് എത്ര ആരാധനാലയങ്ങളിൽ മോഷണങ്ങൾ നടന്നിട്ടുണ്ട് ;

(ബി) ഗുരുവായൂർ ക്ഷേത്രത്തിൽനിന്നും കഴിഞ്ഞ വർഷം രത്നാഭരണങ്ങൾ മോഷ്ടിക്കപ്പെട്ടത് സംബന്ധിച്ചുള്ള കേസ് സന്നേഹ്ഷണ വിവരം വ്യക്തമാക്കുമോ ;

(സി) ഇവിടെനിന്നും എന്തെല്ലാം സാധനങ്ങളാണ് മോഷണം പോയത് ; പ്രതികൾ ആരെല്ലാമാണ് ?

ഉത്തരം

(എ,ബി) 5-9-1985-ൽ മറുപടി പറഞ്ഞ 178-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് മറുപടിയായി 23-8-1985 വരെയുള്ള വിവരം നൽകിയിട്ടുണ്ട്. 23-8-1985-നു ശേഷമുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

നിധി കൈക്കലാക്കിയെന്ന പരാതി

162. [226] ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ പൂയപ്പള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ചെങ്കുളം എന്ന സ്ഥലത്ത് കേശവനാശാൻ എന്ന ആളുടെ പുരയിടത്തിൽ നിന്ന് കിട്ടിയെന്നു പറയപ്പെടുന്ന നിധി 1986 ഫെബ്രുവരി 25-ാം തീയതി പൂയപ്പള്ളി പോലീസ് സബ് ഇൻസ്പെക്ടർ വീട്ടിൽ കയറി ബലമായി എടുത്തുകൊണ്ട് പോയതായുള്ള പരാതി കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പരാതി നൽകിയതിന്റെ പേരിൽ പരാതി നൽകിയവരെ ക്രൂരമായി പോലീസ് അധികാരികൾ മർദ്ദിക്കുന്നതായും അവരുടെ പേരിൽ കള്ളക്കേസുകൾ എടുക്കുന്നതായും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതേപ്പറ്റി സത്വരമായ അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) പൊതുജനങ്ങളിൽ നിന്നും ഒരു ഹർജി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly